തിരുവിതാംകൂർ ദേവസ്വം ബോർഡ്

കൊല്ലവർഷം **1202** ശബരിമല മണ്ഡലം - മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച്, എരുമേലി ദേവസ്വം അന്നദാന മണ്ഡപത്തിൽ ആഹാരം പാകപ്പെടുത്തി ഭക്തർക്ക് വിതരണം ചെയ്യുന്നതിനുള്ള കരാർ സംബന്ധിച്ചുള്ള ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള നിബന്ധനകൾ.

കൊല്ലവർഷം **1202** ശബരിമല മണ്ഡലം - മകരവിളക്ക്, അടിയന്തിരങ്ങളോടനുബന്ധിച്ച എരുമേലി ദേവസ്വത്തിൽ നടത്തപ്പെടുന്ന അന്നദാനം കിഫ്ബി മുഖാന്തിരം നിർമ്മിച്ച കെട്ടിടത്തിൽ വെച്ച് നിശ്ചയിച്ചിട്ടുള്ള മെനു പ്രകാരം ആഹാരം പാകപ്പെടുത്തി ഭർക്തക്ക് വിതരണം ചെയ്യുന്നതിന് ഈ പരസ്യത്തിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും - വിധേയമായി - ഈ മേഖലയിൽ പ്രവർത്തിപരിചയമുള്ള കരാറുകാരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

നിബന്ധനകൾ

1. ക്വട്ടേഷൻ സംബന്ധിച്ച വിശദവിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ക്വട്ടേഷനിൽ കോട്ട് ചെയ്യണ്ടതുക ശ്രദ്ധാപൂർവ്വം നിയമാനുസൃതം കോട്ട് ചെയ്ത് മുദ്രവെച്ച കവറിൽ ചുവടെ വിവരിക്കുന്ന രേഖകൾ സഹിതം അയക്കേണ്ടതും, തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതുമല്ല. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഐഡി പ്രൂഫിന്റെ (ആധാർ, സ്കാൻഡ് കോപ്പി മൊബൈൽ നമ്പർ ഉൾപ്പെടെ ചേർത്തിരിക്കണം) സാധനങ്ങൾ പാകപ്പെടുത്തി നൽകുന്നതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ / വ്യക്തികൾ എന്നിവർക്ക് **fssai** ലൈസൻസ്, ജി.എസ്.ടി രജിസ്ട്രേഷൻ, ഇൻകം ടാക്സ് റിട്ടേൺസ് (**2024-25 AY**) എന്നിവ നിർബന്ധമായും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കരാർ ഏറ്റെടുക്കുന്ന ആൾ/സ്ഥാപനം ടി മേഖലയിൽ ക്യാന്റീൻ / കാറ്ററിംഗ് / ഹോട്ടൽ / മെസ്സ് എന്നിവ നടത്തി കുറഞ്ഞത് ഒരു വർഷമെങ്കിലും പ്രവർത്തി പരിചയമുള്ളവരായിരിക്കണം. ആയതിന്റെ ആധികാരിക രേഖകൾ (മുനിസിപ്പാലിറ്റി / കോർപ്പറേഷൻ / പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സാക്ഷ്യപത്രവും) ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2. ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികളുടെ / സ്ഥാപനങ്ങളുടെ പ്രാപ്തി, യോഗ്യത എന്നിവ വിജിലൻസ് വിഭാഗം പരിശോധിക്കുന്നതും ആയതിൽ അയോഗ്യത കൽപ്പിക്കുന്നവരുടെ ക്വട്ടേഷൻ ഒഴിവാക്കുന്നതുമായിരിക്കും. സംഘങ്ങൾ, സന്നദ്ധ സംഘടകൾ എന്നിവർക്ക് ക്വട്ടേഷനിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.

3. ക്വട്ടേഷനുകൾ **14/11/2026** ഉച്ചയ്ക്ക് **12.00** മണിയ്ക്ക് മുമ്പായി മുദ്രവെച്ച കവറിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറാഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

4. ക്വട്ടേഷനൊടൊപ്പം **2,50,000**/- (രണ്ടര ലക്ഷം രൂപ) ക്കുള്ള DD നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. കരാറുകാർ നിബന്ധന 1 പ്രകാരമുള്ള രേഖകളും മൊബൈൽ നമ്പറും ക്വട്ടേഷനൊടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. ക്വട്ടേഷനുകൾ **14.11.2026-ാം** തീയതി ഉച്ചയ്ക്ക് ശേഷം **02.00** മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് തുറന്ന് പരിശോധിക്കുന്നതാണ്. പ്രാഥമിക പരിശോധനയിൽ എല്ലാ രേഖകളും സമർപ്പിച്ചിട്ടുള്ളവരുടെ ക്വട്ടേഷനുകൾ മാത്രമെ സ്വീകരിക്കുകയുള്ളൂ. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെയും നിബന്ധന 1-ൽ പറയുന്ന രേഖകൾ പൂർണ്ണമായും ഹാജരകാത്തവരുടെ ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

6. ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ കൊല്ലവർഷം **1202** - ലെ ശബരിമല മണ്ഡല- മകരവിളക് കാലയളവ് **1202 വൃശ്ചികം 1 മുതൽ 1202 മകരം 5 വരെ** ബാധകമായിരിക്കുന്നതാണ്.

7. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ അന്നദാനമണ്ഡപം, ഡൈനിംഗ് ഹാൾ, വാഷിംഗ് ഏരിയ, അടുക്കള തുടങ്ങിയ സ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളും സന്ദർശിച്ച് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതും ക്വട്ടേഷനിൽ പങ്കെടുത്ത ശേഷം പോരായ്മകൾ, മറ്റ് അവകാശവാദങ്ങൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്. ആഹാരം പാകപ്പെടുത്തുന്നതിനാവശ്യമായ എല്ലാ അനുസാരികളും (പലച്ചരക്ക്, പച്ചക്കറി, പാചകവാതകം പാത്രങ്ങൾ, അടുപ്പുകൾ, പ്ലേറ്റ്, ഗ്ലാസ്, സ്പൂൺ എന്നിങ്ങനെ പാചകത്തിനും, വിളമ്പുന്നതിനും, ക്ലീനിംഗിനും, ആവശ്യമായ എല്ലാ സാധനങ്ങളും) കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ കൊണ്ടുവരേണ്ടതാണ്.

8. പാചകവാതകം (ഗ്യാസ്) ഡിപ്പാർട്ട്മെന്റിൽ നിന്നും നിയോഗിച്ചിട്ടുള്ള എജൻസിയിൽ നിന്നും, ഉപയോഗിക്കുന്നപക്ഷം ഇന്ധനവില സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ മുറപ്രകാരം കരാറുകാരന് നൽകുവാനുള്ള ബില്ലിൽ നിന്നും കുറവ് ചെയ്ത് മാത്രമേ തുക അനുവദിച്ച് നൽകുകയുള്ളൂ.

9. എരുമേലി ദേവസ്വത്തിലെ അന്നദാനത്തിൽ ദേവസ്വം ബോർഡ് ആഫീസിലെ 10-09-2026 ലെ ആർ.ഒ.സി 8572/25/ലാന്റ് നമ്പർ ഉത്തരവ് പ്രകാരമുള്ള മെനു അനുസരിച്ച് എരുമേലി അന്നദാന മണ്ഡപത്തിലെ പാചകപുരയിൽ ആഹാരം പാകപ്പെടുത്തി ഡൈനിംഗ് ഹാളിൽ എത്തിച്ച് ഭക്തർക്ക് വിതരണം ചെയ്യുന്നതിന് പ്രഭാതാഭക്ഷണം, ഉച്ചഭക്ഷണം, അത്താഴഭക്ഷണം എന്നിവയ്ക്ക് ആളൊന്നിന് എന്ന ക്രമം പ്രത്യേകം, പ്രത്യേകം ഉള്ള നിരക്കുകൾ ക്വോട്ട് ചെയ്യേണ്ടതാണ്. അന്നദാനത്തിന് ഓരോ ദിവസവും വിതരണം ചെയ്യേണ്ട ഭക്ഷണത്തിന്റെ ഇനവിവരവും, ആളൊന്നിന് അനുവദിച്ചിട്ടുള്ള നിരക്കും പട്ടികയായി നിബന്ധനയോടൊപ്പം ചേർത്തിട്ടുണ്ട്.

10. അന്നദാനത്തിന് മെനു പ്രകാരമുള്ള പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, അത്താഴഭക്ഷണം എന്നിവ പാകപ്പെടുത്തി വിതരണം ചെയ്യേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ തുക ക്വാട്ട് ചെയ്തിട്ടുള്ള ക്വട്ടേഷൻ അനുവദിക്കുന്നതായിരിക്കും. പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, അത്താഴഭക്ഷണം എന്നിവയ്ക്ക് വ്യത്യസ്ത തുകകൾ ക്വട്ടേഷനിൽ രേഖപ്പെടുത്തി കാണുന്ന പക്ഷം മൂന്നു ഇനങ്ങൾക്കും കൂടി ആകെ തുക കുറവായി രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ/സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതായിരിക്കും.

11. പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, അത്താഴഭക്ഷണം എന്നിവയ്ക്ക് ആളൊന്നിന് എന്ന ക്രമം പ്രത്യേകം, പ്രത്യേകം ഉള്ള നിരക്കുകൾ ക്വോട്ട് ചെയ്താണ് കരാറുകാരൻ ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. ഡിപ്പാർട്ട്മെന്റിൽ നിന്നും നിശ്ചയിച്ചിട്ടുള്ള പരമാവധി നിരക്കിൽ അധികരിച്ച് തുക ക്വോട്ട് ചെയ്യുന്ന പക്ഷം അപ്രകാരമുള്ള ക്വട്ടേഷൻ നിരാകരിക്കുന്നതാണ്. ടെൻഡറിൽ ആളൊന്നിന് ഭക്ഷണം പാകപ്പെടുത്തി വിതരണം ചെയ്യുന്നതിന് എല്ലാ നികുതികളും അടക്കമുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.

12. ഡിപ്പാർട്ട്മെന്റ് നിശ്ചയിച്ചിട്ടുള്ള മെനു അനുസരിച്ച് കരാറുകാരൻ ഉയർന്ന ഗുണനിലവാരമുള്ള ഭക്ഷണം പാകപ്പെടുത്തി അന്നദാനത്തിൽ ഭക്ഷണവിതരണത്തിന് നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ

ആഫീസറുടേയും ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് പരാതി രഹിതമായി അന്നദാന ഹാളിൽ ഭക്തർക്ക് ഭക്ഷണം കൂപ്പൺ മുഖാന്തിരം വിതരണം ചെയ്യേണ്ടതാണ്. ഭക്ഷണം പാകപ്പെടുത്തുന്നതിന് കൃത്രിമരുചിക്കൂട്ടുകളോ, കളറുകളോ, നിരോധിതവസ്തുക്കളോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

13. ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുമായി ഉടമ്പടി വച്ച് അന്നദാനം നടത്തിപ്പിനാവശ്യമായ സാധനങ്ങൾ കരാറുകാരന്റെ പരിപൂർണ്ണമായ ചെലവിൽ എത്തിച്ച് എരുമേലി അസ്സിനിട്രേറ്റീവ് ആഫീസർ സാധനങ്ങൾ സംഭരിക്കാൻ അനുവദിച്ച് നൽകുന്ന സ്റ്റോറിൽ കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്. അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത നിരക്ക് ക്വോട്ട് ചെയ്ത് ക്വട്ടേഷൻ ഹാജരാക്കിയിട്ടുള്ള ആളുടെ പേരിൽ കരാർ അനുവദിക്കുന്നതിനും അല്ലാത്തപക്ഷം മറ്റുതരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണമായ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും വീഴ്ച വരുത്തിയ കരാറുകാരൻ മാത്രം പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതും ആയത് കരാറുകാരന്റെ സ്ഥാവരജംഗമവസ്തുക്കളിൽ നിന്നടക്കം നിയമപരമായ നടപടികളിലൂടെ ഈടാക്കിയെടുക്കുന്നതുമായിരിക്കും.

14. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി കുത്തക അവകാശം സംബന്ധിച്ച് മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണാറുമായി ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ സ്വന്തം പേരിലുള്ള വസ്തുവിന്റെ തന്നാണ്ട് കരം തീർത്ത രസീതും, കൈവശാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുമാണ്.

15. അന്നദാനം നടത്തിപ്പിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ക്രമീകരണങ്ങളും നിലവിലുള്ള ക്രമത്തിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിച്ച് നൽകുന്നതും കൂടുതലായി വേണ്ടിവരുന്ന ക്രമീകരണങ്ങൾ കരാറുകാരൻ ടിയാന്റെ പരിപൂർണ്ണമായ ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം അധികമായി ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾക്ക് മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണാറുടെയോ എരുമേലി അഡ്മിനിട്രേറ്റീവ് ആഫീസറുടെയോ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

16. അന്നദാനം നടത്തുന്നതിനായി ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിച്ച് നൽകുന്ന കെട്ടിടങ്ങൾക്കും അനുബന്ധസാമഗ്രികളും കേടുപാടുകൾ കൂടാതെ കരാർ കാലാവധി

പൂർത്തികരിക്കുന്ന മുറയ്ക്ക് മുണ്ടക്കയം അസിസ്റ്റന്റ് എഞ്ചിനീയറെ ബോധ്യപ്പെടുത്തി ഏൽപ്പിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. മറിച്ച് എതെങ്കിലും തരത്തിലുള്ള കേടുപാടുകളോ/നഷ്ടങ്ങളോ വരുത്തുന്നപക്ഷം ആയതിലൂടെ ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തി കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

17. ഭക്ഷണം പാകപ്പെടുത്തുന്നതിനും പാചക അനുബന്ധത്തിനും വിതരണത്തിനും മറ്റും യോഗ്യരായ മുൻപരിചയമുള്ള പാചകക്കാരെയും പാചക അനുബന്ധ തൊഴിലാളിക ളെയും ഭക്ഷണം പാകപ്പെടുത്തുന്നതിനും വിതരണം ചെയ്യുന്നതിനും ക്ലീനിംഗിനുമുള്ള ആൾക്കാരെയും മതിയായ ക്രമത്തിൽ കരാറുകാരന്റെ സ്വന്തം ചെലവിൽ നിയോഗിക്കേണ്ടതും ഇപ്രകാരം നിയോഗിക്കുന്ന തൊഴിലാളികൾ ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള ഹെൽത്ത്കാർഡും, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയത് ആവശ്യപ്പെടുന്നമുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. നിയോഗിക്കപ്പെടുന്ന തൊഴിലാളികൾ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടേയും ആരോഗ്യവകുപ്പ്/ഭക്ഷ്യസുരക്ഷ വകുപ്പ് ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതും എല്ലാവിഭാഗം പരിശോധന ഉദ്യോഗസ്ഥരുടെയും പരിശോധനയ്ക്ക് കരാറുകാരൻ തടസ്സവാദം ഉന്നയിക്കുവാൻ പാടില്ലാത്തതുമാണ്.

18. ഡിപ്പാർട്ട്മെന്റിൽ നിന്നും തെരെഞ്ഞെടുത്തിട്ടുള്ള തൊഴിലാളികളെ (ദിവസവേതനം, പലവേല) ഏതെങ്കിലും സാഹചര്യത്തിൽ അന്നദാനം കരാറിൽ ഉൾപ്പെടുന്ന പ്രവർത്തിക്കൾക്ക് നിയോഗിക്കേണ്ട സാഹചര്യം സംജാതമായാൽ ഓരോ വിഭാഗത്തിനും ഡിപ്പാർട്ട്മെന്റിൽ നിന്നും നിശ്ചയിച്ചിട്ടുള്ള വേതനം കണക്കാക്കി കരാറുകാരന് നൽകുവാനുള്ള തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.

19. അന്നദാനവുമായി ബന്ധപ്പെട്ട് ജോലിനോക്കുവാൻ നിയോഗിക്കപ്പെടുന്ന എല്ലാജീവനക്കാരും കൃത്യനിഷ്ഠയോടും, വൃത്തിയായും ജോലിയിൽ ഏർപ്പെടേണ്ടതും തലയിൽ തൊപ്പിയും കൈയിൽ കൈയ്യുറയും ധരിക്കേണ്ടതുമാണ്. ടി വ്യക്തികൾ ഉദ്യോഗസ്ഥരോടും ഭക്തജനങ്ങളോടും മാന്യമായി പെരുമാറേണ്ടതുമാണ്. ജീവനക്കാർ യാതൊരുവിധ ലഹരിപദാർത്ഥങ്ങളും ഉപയോഗിക്കുവാൻ പാടില്ലാത്തതും താമസത്തിന് അനുവദിച്ച് നൽകുന്ന സ്ഥലത്ത് സൂക്ഷിക്കുവാൻ പാടില്ലാത്തതുമാണ്. താമസിക്കാൻ അനുവദിക്കുന്ന സ്ഥലത്തിനോ, അന്നദാനമണ്ഡപത്തിനോ ടി ജീവനക്കാർ എന്തെ ങ്കിലും കേടുപാടുകൾ ഉണ്ടാക്കുന്നപക്ഷം ആയത് കരാറുകരിൽ നിന്നും ഈടാക്കുന്ന താണ്. മേൽവിവരിച്ച വ്യവസ്ഥകൾ എല്ലാ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

20. ഭക്ഷണം പാകപ്പെടുത്താൻ ഉപയോഗിക്കുന്ന അടുക്കള, ഭക്ഷണം വിതരണം ചെയ്യുന്ന ഡൈനിംഗ് ഹാൾ, മേശ, ഇരിപ്പിടം എന്നിവ ഭക്തർ ഭക്ഷണം കഴിച്ചശേഷം കൈകഴുന്ന വാഷ് ഏരിയ, ഇടനാഴി, അന്നദാനമണ്ഡപത്തിലെ മുൻവശം, ഇടനാഴികൾ, തുടങ്ങി അന്നദാനവുമായി ബന്ധപ്പെട്ട എല്ലാ സ്ഥലങ്ങളും, പാചകം ചെയ്യുന്ന പാത്രങ്ങൾ, പകർച്ച പാത്രങ്ങൾ, ഭക്തർക്ക് ഭക്ഷണം നൽകുന്ന പാത്രങ്ങൾ, ഗ്ലാസ്സുകൾ തുടങ്ങി അന്നദാനവു മായി ബന്ധപ്പെട്ട എല്ലാ സാധന സമഗ്രികളും വൃത്തിയായി യഥാമസയം കഴുകി സൂക്ഷി ക്കേണ്ടതാണ്. ഇക്കാര്യം ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

21. പാചകത്തിന് ഉപയോഗിക്കുന്ന പലചരക്ക് സാധനങ്ങൾ **fssai** അംഗീകാരം ലഭിച്ചിട്ടു ള്ളതും പച്ചക്കറികൾ ഉന്നത ഗുണനിലവാരവുള്ളവയും ആയിരിക്കേണ്ടതാണ്.

22. നിയോഗിക്കപ്പെടുന്ന ജീവനക്കാർ ഈശ്വരവിശ്വാസികളും ക്ഷേത്രആചാര അനുഷ്ഠാനങ്ങൾ പാലിക്കുന്നവരും ആയിരിക്കണം. ടി ആളുകൾക്ക് ഡിപ്പാർട്ട്മെന്റിൽ നിന്നും താൽക്കാലിക തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്ന ജീവനക്കാർ വ്യക്തി ശുചിത്വം നിർബന്ധമായും പാലിക്കേണ്ടതാണ്. കരാറുകാരനോ കരാറുകാരൻ നിയോഗിക്കുന്ന ജീവനക്കാരോ അന്നദാനമണ്ഡപത്തിലോ താമസസ്ഥ ലത്തോ ലഹരി പദാർത്ഥങ്ങൾ യാതൊന്നുത്തന്നെ ഉപയോഗിക്കാൻ പാടില്ലാത്തതും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നൽകുന്ന എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിച്ച് കരാർ ജീവനക്കാർ പ്രവൃത്തി എടുക്കേണ്ടതുമാണ്.

23. എരുമേലി അഡ്മിനിസ്ട്രേറ്റീവ് ആഫീസിൽ നിന്നും, സ്പെഷ്യൽ ആഫീസിൽ നിന്നും ലഭി ക്കുന്ന നിർദ്ദേശം അനുസരിച്ച് ഭക്ഷണം പാകപ്പെടുത്തി സമയക്രമം പാലിച്ച് വിതരണം ചെയ്യേണ്ടതും, നിഷ്കർഷിച്ചിട്ടുള്ള സമയക്രമത്തിൽ അല്ലാതെ ഭക്ഷണം വിതരണം ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിലും, ആവശ്യപ്പെടുന്ന വേളകളിലും യാതൊരു തടസ്സവാദവും ഉന്നയിക്കാതെ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

24. മണ്ഡലം - മകരവിളക്ക് മഹോത്സവ കാലയളവിൽ അന്നദാന വിതരണം 'Seat Service System' പ്രകാരമായിരിക്കണം. കരാറുകാരൻ നിയോഗിക്കുന്ന ജീവനക്കാർ ഭക്തർക്ക് ഇരിപ്പിടങ്ങളിൽ ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്. ഇതിനാവശ്യമായത്രയും ജീവന ക്കാരെ കരാറുകാരൻ നിയോഗിക്കേണ്ടതും സേവനം തടസ്സമില്ലാതെ ഉറപ്പാക്കേണ്ടതുമാ ണ്. നിയോഗിക്കപ്പെടുന്ന ജീവനക്കാർ അയ്യപ്പഭക്തരോട് മാന്യമായും തികഞ്ഞ ബഹുമാ നത്തോടു കൂടിയും പെരുമാറേണ്ടതാണ്.

25.അന്നദാനത്തിൽ ഭക്ഷണം കഴിക്കുന്നതിന് എത്തിച്ചേരുന്ന ഭക്തർക്ക് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ / വിജിലൻസ് വിഭാഗം ഓരോ സമയക്രമത്തിനും പ്രത്യേകം, പ്രത്യേകം കൂപ്പൺ വിതരണം ചെയ്യുന്നതാണ്. ടി കൂപ്പണുകളുടെ അടിസ്ഥാനത്തിലാകും എണ്ണം കണക്കാക്കി പെയ്മെന്റ് അനുവദിച്ചു നൽകുന്നത്. കൂപ്പണുകൾ സൂക്ഷിക്കുന്നതും കൈകാര്യം ചെയ്യുന്നതും പൂർണ്ണമായും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരായിരിക്കും. ഓരോ നേരത്തെയും ഭക്ഷണം കഴിക്കുന്നവരുടെ ആൾ എണ്ണം രേഖപ്പെടുത്തുന്ന രജിസ്ട്രർ കണ്ട് കരാറുകാരന് ബോധ്യപ്പെടാവുന്നതും ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

26. ഏതെങ്കിലും വിധത്തിൽ കൂപ്പൺ സംവിധാനം ദുരുപയോഗം ചെയ്യുന്നതിന് കരാറുകാരനോ, തൊഴിലാളികളോ ശ്രമിക്കുന്നപക്ഷം കരാർ റദ്ദ് ചെയ്ത് ബദൽമാർഗ്ഗങ്ങൾ ഏർപ്പെടുത്തി സെക്യൂരിറ്റിതുക കണ്ടുകെട്ടുന്നതിനോടൊപ്പം കരാറുകരനെതിരെ ക്രിമനൽ നടപടി സ്വീകരിക്കുന്നതാണ്.

27.കരാറുകാരന് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനുള്ള അധികാരമോ അവകാശമോ ഇല്ലാത്തതാകുന്നു.

28.ക്വട്ടേഷൻ സ്വീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

29.അന്നദാന മണ്ഡപം, സാധനങ്ങൾ എന്നിവയ്ക്ക് കരാർ കാലയളവിൽ കേടുപാടുകൾ സംഭവിച്ചിട്ടില്ലായെന്നുള്ള മുൻകൂയം അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിരതദ്രവ്യം തിരികെ നൽകുകയുള്ളൂ.

30.ക്വട്ടേഷൻ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

ഭക്ഷണവിവരവും, വിതരണസമയവും വിവരിക്കുന്ന പട്ടിക

ക്രമ നമ്പർ	സമയക്രമം	മെനു

I	പ്രഭാതക്ഷേണം 7.00AM മുതൽ 10.00AM വരെ	1.ചുക്കുകാപി, ഇഡ്ഡലി - സാമ്പാർ/ചമ്മന്തി. 2. ചുക്കുകാപി, ഉപ്പുമാവ് (സൂചിഗോതമ്പ്/റവ) കടലക്കറി/ചെറുപയർ, പഴം, കേസരി/മധുരം (ദേൽ വിവരിച്ച ക്രമത്തിൽ ഭക്ഷണം പാക പെടുത്തി ഒന്നിട വിട്ട ദിവസങ്ങളിൽ നൽകേണ്ടതാകുന്നു.)
II	ഉച്ചക്ഷേണം 12.00 NOON മുതൽ 03.00PM വരെ	1.വെള്ള അരിചോറ് (കേരള റൈസ്) 2. ഒഴിച്ചുകറി- പരിപ്പ്, നെയ്യ്, സാമ്പാർ,മോര്/ പരിപ്പ്, നെയ്യ്, പുളിശ്ശേരി/രസം, 3. പപ്പടം, ഉപ്പ് 4. അവിയൽ, തോരൻ/കൂട്ടുകറി, മെഴുക്കുപുരട്ടി/ തീയൽ,തോരൻ 5. തൊടുകറി - മാങ്ങക്കറി, ഇഞ്ചിക്കറി / നാരങ്ങക്കറി, ഇഞ്ചിക്കറി, 6. പായസം - ചെറുപയർ പരിപ്പ് / അട / കടലപരിപ്പ് / ഗോതമ്പ് 7.ഔഷധകുടിവെള്ളം - പതിമുഖം / രാമച്ചം / കരിങ്ങാലി
III	അത്താഴക്ഷേണം 7.00 PM മുതൽ 10.00 PM വരെ	1. കുത്തരികഞ്ഞി , ചെറുപയർതോരൻ, അച്ചാർ, തൈര് മുളക്, ഉപ്പ്/വൻപയർ തോരൻ, അച്ചാർ, തൈര് മുളക്, ഉപ്പ്/പുഴുക്ക്, അച്ചാർ , തൈര് മുളക്, ഉപ്പ്/അസ്ത്രം, അച്ചാർ , തൈര് മുളക്, ഉപ്പ് 2. ചപ്പാത്തി, വെജിറ്റബിൾ/ഗ്രീൻപീസ് കറി

1. കൂപ്പണുകൾ പ്രകാരം മെനു അനുസരിച്ചുള്ള ക്ഷേണം ക്ഷേത്രർക്ക് ആവശ്യാനുസരണം ഗുണ മേന്മയോടുകൂടി തയ്യാറാക്കി തൃപ്തികരമാകും വിധം നൽകേണ്ടതാണ്.
2. വിശേഷാൽ സദ്യ നടത്തേണ്ടുന്ന എരുമേലി പേട്ട നാളിൽ ഭക്തർക്കും നാട്ടുകാർക്കും ജീവന ക്കാർക്കും വിവിധ ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്കും ഉച്ച ഭക്ഷണം തൂശനിലയിൽ കേരളീയ സദ്യ വട്ടം പൂർണ്ണമായും തയ്യാറാക്കി വിളമ്പി നൽകേണ്ടതും അന്നേദിവസം അടപ്രഥമൻ ഉൾപ്പെടെ 2 ഇനം പായസം തയ്യാറാക്കി വിതരണം ചെയ്യേണ്ടതുമാണ്. അപ്രകാരം ചെയ്യുന്നതിന് ഉച്ചക്ഷേ ണത്തിന് അനുവദിക്കുന്ന തുകയുടെ 25% തുക കൂടി അനുവദിച്ചു നൽകുന്നതാണ്.

ROC 176 /26 ലേലം
Dated 06- 11 -2026

(ഒപ്പ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

Deputy Devaswom Commissioner
Pathanamthitta

Approved

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന സ്ഥലം/ആരംഭിക്കുന്ന തീയതി - പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, 12.11.2026 ഉച്ചയ്ക്ക് 12 മണി മുതൽ.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി - 14.11.2026 ഉച്ചയ്ക്ക് 12 മണി വരെ

ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്ന സ്ഥലം/തീയതി - പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, 14.11.2026 ഉച്ചയ്ക്ക് 02 മണി.

NB – വിശദമായ നിബന്ധനയും ഷെഡ്യൂളും മറ്റ് വിശദാംശങ്ങളും www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ക്വട്ടേഷൻ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, മൂണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, എരുമേലി അഡ്മിനിസ്ട്രേറ്റീവ് ആഫീസ് എന്നിവിടങ്ങളിൽ നിന്നും ആഫീസ് പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

Sd/-
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
പത്തനംതിട്ട